പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2541 — 18.7.2011-ൽ മറുപടിയ്ക്ക്

## "എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ബി.അബ്ദുൾ റസാക്: | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനായി എന്തൊക്കെ ക്ഷേമ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് എന്ന് വ്യക്തമാക്കുമോ;<br><br>ബി) എൻഡോസൾഫാൻമൂലം ദുരിതമനുഭവിക്കുന്ന കുടുംബങ്ങളെ ദത്തെടുക്കാനും ചികിത്സാ സഹായം ലഭ്യമാക്കാനും എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാക്കുമോ; | എ - യും ബി -യും)<br>കാസർഗോഡ് ജില്ലയിലെ 11 ഗ്രാമപഞ്ചായത്തിലെ ദുരിതബാധിതരുടെ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചുകൊണ്ട് പ്രവർത്തനമാരംഭിച്ച സെല്ല് വഴി താഴെ പറയുന്ന സേവനങ്ങളാണ് ലഭ്യമാക്കിയത്.<br>1. വിദഗ്ദ്ധ ചികിത്സ നിർദ്ദേശിക്കപ്പെട്ട രോഗികൾക്ക് ആയത് ലഭ്യമാക്കൽ.<br>2. ദീർഘകാലം മരുന്നു കഴിക്കാൻ നിർദ്ദേശിക്കപ്പെട്ട രോഗികൾക്കുള്ള മരുന്ന് ലഭ്യമാക്കൽ.<br>3. ദുരിതബാധിതരിൽ ശാരീരിക വൈകല്യം അനുഭവിക്കുന്നവർക്കുള്ള ദൃശ്യ-ശ്രാവ്യ-ചലനോപകരണങ്ങൾ ലഭ്യമാക്കൽ.<br>രോഗികൾക്ക് ചികിത്സാ ആശ്വാസ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 2007-ൽ സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുടർന്ന് 2010-ൽ CMDRF -ൽ നിന്ന് 15 ലക്ഷം രൂപ കൂടി അനുവദിച്ചു.<br><br>ആരോഗ്യമേഖലയിൽ നിലവിലുള്ള സംവിധാനങ്ങൾക്കു പുറമെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ നൽകുന്നതിനായി ജില്ലയിൽ 3 മൊബൈൽ മെഡിക്കൽ ടീമുകൾ നിലവി |

ലുണ്ട്. അലോപ്പതി-ആയുർവേദ -ഹോമിയോ ഡോക്ടർമാർ, ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, മാനസിക വൈകല്യമുള്ളവരെ പരിശീലിപ്പിക്കുന്നതി നുള്ള Special Educator, Psychiatric Social Worker എന്നിവരടങ്ങുന്ന മെഡിക്കൽ സംഘം ആശുപത്രികളിലും കിടപ്പിലായ രോഗികളുടെ വീടുകളിലു മെത്തി ചികിത്സ ലഭ്യമാക്കുന്നു. ഇതി നകം 2430 ആളുകൾ ഈ ടീമിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ആവശ്യമനുസരിച്ച് തുടർചികിത്സ കൂടി ലഭ്യമാക്കി വരുന്നു.

കിടപ്പിലായ രോഗികൾക്ക് സാന്ത്വന ചി കിത്സ ലഭ്യമാക്കുന്നതിനായി 11 ഗ്രാമപ ഞ്ചായത്തുകളിലും സ്റ്റാഫ് നഴ്സിനെ നിയ മിക്കുകയും ഓരോ വാഹനം ലഭ്യമാക്കു കയും ചെയ്തിട്ടുണ്ട്. ഫിസിയോ തെറാപ്പി സ്റ്റിന്റെ സേവനവും ഇവിടങ്ങളിൽ ലഭ്യമാ ണ്.

വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് അയത് പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കുന്നതിന് സംസ്ഥാ നത്ത് 11 ആശുപത്രികളിൽ ആവശ്യമായ ക്രമീകരണം വരുത്തിയിട്ടുണ്ട്.

കിടപ്പിലായവരും ഗുരുതരമായ അസു ഖങ്ങൾ ബാധിച്ചവരുമായ രോഗികൾക്ക് പ്രതിമാസം 2000/- രൂപയും അല്ലാത്ത വർക്ക് പ്രതിമാസം 1000 രൂപയും സർക്കാർ സാമ്പത്തികസഹായം അനുവ ദിച്ചിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി തുക വിതരണം ചെയ്തുവരു ന്നു.

അദ്ധ്യക്ഷരണസ്ഥാപനങ്ങളിൽ ബഡ്സ് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്

| | |
|---|---|
| | ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനായി **NRHM** പദ്ധതിയുടെ ഭാഗമായി 165 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്<br><br>കേന്ദ്ര ആയുഷ് വകുപ്പിന്റെ ധനസഹായത്തോടുകൂടി ചെറുതുരുത്തി ദേശീയ പഞ്ചകർമ്മ ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ്, ചീമേനി എന്നീ ആയുർവേദ ആശുപത്രികളിലായി എൻഡോസൾഫാൻ ദുരിതബാധിതർക്ക് പഞ്ചകർമ്മ ചികിത്സയ്ക്കുള്ള ക്രമീകരണം ഏർപ്പെടുത്തുന്നുണ്ട് തിരഞ്ഞെടുക്കപ്പെട്ട 50 രോഗികൾക്ക് ഇതിന്റെ ഭാഗമായി സേവനം ലഭ്യമാക്കുന്നതാണ്.<br><br>സെല്ലിന്റെ പ്രവർത്തനം ആരംഭിച്ച സമയത്തുണ്ടായിരുന്ന സ്ഥിതിയിൽ നിന്നും വ്യത്യസ്തമായി നേരത്തെ ഉൾപ്പെട്ട 11 ഗ്രാമ.പഞ്ചായത്തുകൾക്ക് പുറത്തുനിന്നുള്ള 22 ഗ്രാമപഞ്ചായത്തുകളിലെയും ആളുകൾകൂടി ദുരിതബാധിതരുടെ നിലവിലുള്ള പട്ടികയിൽ ഉൾപ്പെടുന്നു |
| (സി) ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിന് പ്ലാന്റേഷൻ കോർപ്പറേഷൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ? | (സി) എൻഡോസൾഫാൻ ദുരിതബാധിതർക്കായി പ്ലാന്റേഷൻ കോർപ്പറേഷൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 5 കോടി രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ